തൊടുപുഴ നഗരസഭ

# തൊടുപുഴ നഗരസഭ

## 2022 - 2023 ലെ പുതുക്കിയ ബജറ്റും
## 2023 - 2024 ലെ ബജറ്റ് എസ്റ്റിമേറ്റും

സെക്രട്ടറി, ഇൻ– ചാർജ്ജ്
**ശ്രീ. വിനോദ്കുമാർ ജി.**

വൈസ് ചെയർപേഴ്സൺ
**ജെസ്സി ജോണി**

# തൊടുപുഴ നഗരസഭ - പൊതുവിവരങ്ങൾ

| | | |
|---|---|---|
| പേര് | : | തൊടുപുഴ നഗരസഭ |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | തൊടുപുഴ വില്ലേജ് മുഴുവൻ, മണക്കാട്, കുമാരമംഗലം, കാരിക്കോട്, കരിങ്കുന്നം, എന്നീ വില്ലേജുകളുടെ ഭാഗം |
| താലൂക്ക് | : | തൊടുപുഴ |
| അസംബ്ലി മണ്ഡലം | : | തൊടുപുഴ |
| റവന്യൂ ജില്ല | : | ഇടുക്കി |
| വിസ്തീർണ്ണം | : | 35.43 ച.കി.മീ. |
| വാർഡുകൾ | : | 35 |
| ആകെ ജനസംഖ്യ | : | 52,025 |
| പുരുഷന്മാർ | : | 25,524 |
| സ്ത്രീകൾ | : | 26,501 |
| അതിരുകൾ | : | വടക്ക് - കുമാരമംഗലം, കോടിക്കുളം പഞ്ചായത്തുകൾ<br>കിഴക്ക് - കരിമണ്ണൂർ, ഇടവെട്ടി പഞ്ചായത്തുകൾ<br>തെക്ക് - കരിങ്കുന്നം പഞ്ചായത്ത്<br>പടിഞ്ഞാറ് - പുറപ്പുഴ, മണക്കാട്, മഞ്ഞള്ളൂർ പഞ്ചായത്തുകൾ |

# തൊടുപുഴ നഗരസഭ

**മുനിസിപ്പൽ സെക്രട്ടറി, ഇൻ-ചാർജ്ജ് - ശ്രീ. വിനോദ്കുമാർ ജി.**

## വകുപ്പ് മേധാവികൾ

| | | |
|---|---|---|
| മുനിസിപ്പൽ എഞ്ചിനീയർ | : | ശ്രീ. ഉഷാനന്ദൻ |
| അസ്സി. എഞ്ചിനീയർ | : | ശ്രീ. അജി സി.റ്റി. |
| സൂപ്രണ്ട് (പ്ലാനിംഗ് & ജനറൽ) | : | ശ്രീമതി അംബിക വി. |
| സൂപ്രണ്ട് (റവന്യൂ) | : | ശ്രീ. വിനോദ്കുമാർ ജി. |
| ഹെൽത്ത് സൂപ്പർവൈസർ | : | ശ്രീ. ശ്രീകുമാർ എസ്. |
| ജനന-മരണ രജിസ്ട്രാർ | : | ശ്രീ. ദീപ് വി. |
| പ്രോജക്ട് ഓഫീസർ UPA സെൽ & മെമ്പർ സെക്രട്ടറി CDS | : | ശ്രീ. ഡി. പ്രദീപ്‌രാജ് |

## നഗരസഭയ്ക്ക് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ ഓഫീസ് മേധാവികൾ

| | | |
|---|---|---|
| വൃദ്ധ-വികലാംഗ സദനം സൂപ്രണ്ട് | - | ശ്രീ. സെബാസ്റ്റ്യൻ അഗസ്റ്റിൻ |
| പട്ടികജാതി വികസന ഓഫീസർ | - | ശ്രീ. സതീശൻ പി.എൻ. |
| സംയോജിത ശിശുവികസന പദ്ധതി സൂപ്പർവൈസർ | - | ശ്രീമതി സിന്ധു ടി.കെ. |
| ഹെഡ്മിസ്ട്രസ് ഗവ. എച്ച്.എസ്.എസ്. | - | ശ്രീമതി വാസന്തി ടി.സി. |
| അഗ്രികൾച്ചറൽ ഫീൽഡ് ഓഫീസർ | - | ശ്രീമതി സൽമ എം.എച്ച്. |
| സീനിയർ വെറ്ററിനറി സർജൻ | - | ഡോ. ജെസ്റ്റിൻ ജേക്കബ് അധികാരം |
| മെഡിക്കൽ ഓഫീസർ ഹോമിയോ | - | ഡോ. സൂര്യാമോൾ വി.എസ്. |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ഓഫീസർ | - | ശ്രീ. അശ്വിൻ പി.റ്റി. |

# ആമുഖം

1997 ലെ KM Act 287-ാം വകുപ്പ് പ്രകാരമമാണ് ബജറ്റ് തയ്യാറാക്കുന്നത് എന്ന് ഏവർക്കും അറിവുള്ളതാണല്ലോ. കേവലം ഒരു സാമ്പത്തിക രേഖ എന്നതിലുപരി ഒരു നഗരസഭയുടെ വരുംവർഷത്തെ സർവ്വതോന്മുഖമായ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ആകെ തുക യാണ് ബജറ്റ്. പരിമിതമായ വിഭവ സ്ത്രോതസ്സുകളിൽ നിന്നുകൊണ്ട് പരമാവധി ആർജ്ജി ച്ചെടുക്കുക എന്നുള്ളതിനാണ് നാം ഊന്നൽ നൽകുന്നത്.

നഗരസഭാ പ്രദേശത്തെ ഏറ്റവും വലിയ വെല്ലുവിളികളിൽ ഒന്നായിരുന്ന കുടിവെള്ള പ്രശ്നം എന്നത് മുൻകാലങ്ങളിലെ ഫലപ്രദമായ ഇടപെടലുകളിലൂടെ പരമാവധി പരിഹരി ക്കുവാൻ നമുക്ക് സാധിച്ചു. പ്രത്യേകിച്ചും പാറക്കടവ്, കാഞ്ഞിരംപാറ, ഇടികെട്ടിപ്പാറ, ബംഗ്ലാംകുന്ന് തുടങ്ങിയ കുടിവെള്ളം എത്താതിരുന്ന മേഖലകളിലെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിച്ചത് നമ്മുടെ വലിയ നേട്ടമായി കാണുന്നു. അമൃത് പദ്ധതി യാഥാർത്ഥ്യ മാകുന്നതോടെ നഗരസഭയിൽ കുടിവെള്ള ലഭ്യതയില്ലാത്ത ആരുംതന്നെ ഉണ്ടാകില്ല എന്ന് തന്നെ ഉറച്ച് വിശ്വസിക്കാം.

PMAY-Life ഭവന പദ്ധതി യാത്ഥാർത്ഥ്യമായതിലൂടെ നഗരസഭയിലെ ഭവനരഹിതരാ യിരുന്ന 756 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും 156 കുടുംബങ്ങൾ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഈ പദ്ധതി പൂർത്തീകരിക്കുന്നതോടെ നഗരവാസികളുടെ പാർപ്പിട പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കാണുവാൻ സാധിക്കുന്നതാണ്.

സമൂഹത്തിലെ ഏറ്റവും താഴെത്തട്ടിലുള്ളവരുടെ ഉന്നമനത്തിനായി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച അതിദാരിദ്ര്യ നിർമ്മാർജ്ജനം, ഒപ്പം, വാതിൽപ്പടി സേവനം തുടങ്ങി എല്ലാ പദ്ധതികളും സമയബന്ധിതമായി നമ്മുടെ നഗരസഭയിലും പ്രാവർത്തികമാക്കാൻ സാധിച്ചു.

NULM, അയ്യങ്കാളി നഗരതൊഴിലുറപ്പ് എന്നീ കേന്ദ്ര-സംസ്ഥാന പദ്ധതികളിലൂടെ തൊഴിലും വിവിധ തൊഴിലുകൾ ആരംഭിക്കുന്നതിന് പരിശീലനങ്ങളും നൽകി താഴെത്തട്ടി ലുള്ള നഗരവാസികളെ കൂടി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുവാൻ നമുക്ക് സാധിക്കുന്നുണ്ട്. വ്യവസായ വാണിജ്യ വകുപ്പ് വിവിധ ഡിപ്പാർട്ട്മെന്റുകളുമായി സംയോജിച്ച് നടപ്പിലാക്കിയ സംരംഭകവർഷം പദ്ധതിയിലൂടെ 330 പുതിയ സംരംഭകരെ നമ്മുടെ നഗരസഭയിൽ സൃഷ്ടിക്കുവാൻ നമുക്ക് സാധിച്ചു.

സമഗ്രമാലിന്യ സംസ്ക്കരണത്തിന്റെ ഭാഗമായി ഹരിതകർമ്മസേനയുടെ മികച്ച പ്രവർത്ത നത്തിലൂടെ എല്ലാ വീടുകളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിക്കുന്നതോടൊപ്പം കുപ്പിച്ചില്ലുകൾ, ചെരുപ്പ്, പഴകിയ തുണി, ബാഗുകൾ, മരുന്ന് സ്ട്രിപ്പുകൾ സഹിതം എല്ലാവിധ മാലിന്യങ്ങളും ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകുന്നതിലൂടെ മാലിന്യ സംസ്കരണരംഗത്തും നാം മികച്ച കാൽവയ്പ്പാണ് നടത്തികൊണ്ടിരിക്കുന്നത്. അതോടൊപ്പം

ജൈവമാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായി എല്ലാ വീടുകളിലും മാലിന്യസംസ്കരണ ഉപാധികളായ ബയോഗ്യാസ് പ്ലാന്റ്, റിംഗ് കമ്പോസ്റ്റ്, ബക്കറ്റ് കമ്പോസ്റ്റ്, പൈപ്പ് കമ്പോസ്റ്റ് എന്നിവ വിവിധ പദ്ധതികളിലൂടെയായി നൽകിയതിലൂടെ ഉറവിടത്തിൽ തന്നെ ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള നടപടികളും വിജയകരമായി തുടർന്നുവരുന്നു.

നഗരവാസികളുടെ വിനോദത്തിനും മാനസിക ഉല്ലാസത്തിനും വേണ്ടി നഗരസഭാ പാർക്കിൽ പുതിയ കളിയുപകരണങ്ങളും റൈഡുകളും സ്ഥാപിച്ച് നവീകരിക്കാൻ സാധിച്ചത് വലിയ നേട്ടമായി കാണുന്നു. സമീപ ജില്ലകളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും ധാരാളം വിദ്യാർത്ഥികളും പൊതുജനങ്ങളുമാണ് പാർക്ക് സന്ദർശിക്കാനായി നിത്യേന എത്തിച്ചേരുന്നത്. അതിലൂടെ നമ്മുടെ റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും നമുക്ക് സാധിക്കുന്നു.

എല്ലാ മേഖലകളിലും സമഗ്രമായ നേട്ടം കൈവരിക്കാൻ നമ്മുടെ നഗരസഭക്ക് സാധിച്ചത് എന്റെയോ ഈ ഭരണസമിതിയുടെയോ മാത്രം വിജയമായി കാണുന്നില്ല. നമ്മുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. മുൻകാല കൗൺസിലുകളെയെല്ലാം ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. തുടർന്നും നഗരസഭയുടെ വികസനക്ഷേമ പ്രവർത്തനങ്ങൾ കാര്യക്ഷമമായി കൈവരിക്കുന്നതിന് നമുക്കൊന്നിച്ച് കൈകോർക്കാം.

തൊടുപുഴ നഗരത്തെ നമുക്ക് കിട്ടിയതിലും മനോഹരമാക്കി അടുത്ത തലമുറയ്ക്ക് കൈമാറാം. അത് നമ്മുടെ ഉത്തരവാദിത്തമാണ്. അതിന് ഏവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു.

നന്ദി......

**സനീഷ് ജോർജ്**

ചെയർമാൻ

# ബജറ്റ് പ്രസംഗം
# 2023-24

ജെസ്സി ജോണി

വൈസ് ചെയർപേഴ്സൺ

2023 മാർച്ച് 22

തൊടുപുഴ നഗരസഭ

# ബജറ്റ് 2023 - 2024

ബഹുമാന്യരായ നഗരസഭാ ചെയർമാൻ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, കൗൺസിലർമാർ, സെക്രട്ടറി, വകുപ്പ് മേധാവികൾ, ജീവനക്കാർ, മാധ്യമപ്രവർത്തകർ,

പ്രാദേശിക വികസനത്തിന് ഉദാത്തമാതൃകയായ ജനകീയാസൂത്രണത്തിന്റെ രജതജൂബിലി ആഘോഷിക്കുന്ന കാലഘട്ടമെന്ന പ്രത്യേകത കൂടിയുള്ള ഈ അവസരത്തിൽ അവതരിപ്പിക്കുന്ന നഗരസഭ ബജറ്റിനും അതിന്റേതായ പ്രാധാന്യമുണ്ട്. കേവലം വരവും ചെലവും മിച്ചവും കണക്കാക്കുന്ന ഒരു സാമ്പത്തിക രേഖയായി ബജറ്റിനെ കാണാൻ കഴിയില്ല. നഗരവാസികളുടെ സ്വപ്നവും പ്രതീക്ഷകളും നെടുവീർപ്പുകളും എല്ലാം സ്വാംശീകരിച്ച ജീവൻ തുടിക്കുന്ന ഒരു സമഗ്ര കാഴ്ചപ്പാടുകൂടിയാണ് ഈ ബജറ്റ്.

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രാദേശിക വികസനം സാദ്ധ്യമാക്കുക എന്നത് ഭരണഘടനാപരമായിത്തന്നെ പ്രാദേശിക ഭരണകൂടത്തിന്റെ ഉത്തരവാദിത്വമാണ്. പിന്നിട്ട കാലഘട്ടത്തിൽ നാം ആർജ്ജിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും നഗരവത്ക്കരണത്തിന്റെ പാർശ്വഫലങ്ങൾക്ക് പരിഹാരം കാണുന്നതിനും നഗരത്തിന്റെ സന്തുലിത വികസനം ഉറപ്പുവരുത്തുന്നതിനും ഈ ബജറ്റ് ലക്ഷ്യമിടുന്നു. നവകേരള നിർമ്മിതിക്കായുള്ള സംസ്ഥാന സർക്കാരിന്റെ പരിശ്രമത്തിന് ശക്തി പകർന്നുകൊണ്ടും വരുംനാളുകളിൽ തൊടുപുഴ എന്തായിരിക്കണമെന്നും നമുക്ക് കൂട്ടായി ആലോചിക്കാം. വരും തലമുറകൾക്കു വേണ്ടി നമുക്ക് പൈതൃകമായി കൈമാറ്റം ചെയ്തു കിട്ടിയ പ്രകൃതിയും മണ്ണും ജലവും പരിരക്ഷിച്ച് നഗരജീവിതം കൂടുതൽ മികവുറ്റതാക്കാൻ ഈ ബജറ്റ് നിർദ്ദേശങ്ങൾ ഉപകരിക്കുമെന്നാണ് പ്രതീക്ഷ.

1978 ൽ രൂപീകൃതമാവുകയും 1988 മുതൽ ജനകീയ കൗൺസിലുകൾ ഭരണ സാരഥ്യം നിർവ്വഹിച്ചു വരികയും ചെയ്യുന്ന തൊടുപുഴ നഗരസഭ കേരളത്തിന്റെ നെറുകയിൽ ചില മാതൃകകൾ ഉയർത്തിക്കാണിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ബൈപാസ് റോഡുകളും റിംഗ് റോഡുകളുമുള്ള നഗരമെന്ന ഖ്യാതിക്ക് ഇടയായത് തൊടുപുഴ നഗരസഭ കൗൺസിലിന്റെ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനം കൊണ്ടുകൂടിയാണ്. ഒരു പ്രാദേശിക ഭരണസംവിധാനം ഭൂമി വിലയ്ക്ക് വാങ്ങി വിശാലമായ റോഡ് നിർമ്മിച്ച് എല്ലാ പ്രവർത്തികളും പൂർത്തിയാക്കി പൊതുമരാമത്ത് വകുപ്പിന് കൈമാറുകയെന്ന സവിശേഷപ്രവർത്തി ചെയ്തെങ്കിൽ ആ മാതൃകയാണ് തൊടുപുഴ നഗരസഭയുടെ നാമം എന്നും മുന്നിൽ നിർത്തുന്നത്. കാഞ്ഞിരമറ്റം, അമ്പലം ബൈപാസുകൾ നിർമ്മിച്ചുകൊണ്ടാണ് തൊടുപുഴ നഗരസഭ ഈ വിധത്തിൽ സംസ്ഥാനത്ത് ശ്രദ്ധേയമായത്. സ്വന്തമായി കാലഘട്ടത്തിനനുസരിച്ചുള്ള ഒരു വീട് എന്ന മലയാളിയുടെ സ്വപ്നം സാക്ഷാത്കരിക്കാൻ പ്രധാനമന്ത്രിയുടെ ഭവനനിർമ്മാണ പദ്ധതിയെ നന്നായി പ്രയോജനപ്പെടുത്തി ഏറ്റവും കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചതിലും തൊടുപുഴ മുന്നിൽതന്നെ. പൂർവ്വികർ ചൂണ്ടിക്കാണിച്ച നിലപാടുതറയിൽ നിന്നുകൊണ്ട് വേറിട്ട വികസനത്തിന് പാതയൊരുക്കുന്നതിന് പരിമിതമായ തനത് വരുമാനവും സംസ്ഥാന ഗവൺമെന്റ് നൽകുന്ന പദ്ധതി വിഹിതം കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പിൻബലവും എം.പി. എം.എൽ.എ. മാരുടെ പ്രാദേശിക വികസനഫണ്ടും അൽപ്പം വായ്പയും ചേരുന്നതിന്റെ ആകെ തുകയാണ് ഈ ബജറ്റ്.

2,87,94,849 രൂപ വർഷാരംഭത്തിലെ മുന്നിരിപ്പും 61,51,89,550 രൂപ തന്നാണ്ട് വരവും ഉൾപ്പെടെ ആകെ 64,39,84,399 രൂപ വരവും, 63,61,31,299 രൂപ ചെലവും 78,53,100 രൂപ നീക്കിയിരിപ്പുമുള്ള ബജറ്റാണ് അവതരിപ്പിക്കുന്നത്.

തലചായ്ക്കാൻ ഇടമില്ലാത്തവർക്കെല്ലാം സുരക്ഷിത ഭവനങ്ങൾ ഒരുക്കാനുള്ള തീവ്രയജ്ഞത്തിൽ ഏർപ്പെട്ടപ്പോൾ നഗരസഭയുടെ അനിവാര്യഘടകമായ ചേരി വികസനത്തിന്റെ ഗതിവേഗം കുറയു

കയും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നാം തന്നെ പുനരധിവസിപ്പിച്ച് നൂറ് കണക്കിന് പാവപ്പെട്ട കുടുംബങ്ങളുടെ താളംതെറ്റിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പരിഹാരമായി അംഗീകൃത കോളനികളുടെ അടിസ്ഥാന വികസനത്തിനായി 40,00,000/- രൂപ വകയിരുത്തുന്നു. വാർഡ്തല വികസന പ്രവർത്തനങ്ങൾക്കായി 3,77,65,000 രൂപ ബജറ്റിൽ നീക്കിവയ്ക്കുന്നു.

ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് തൊടുപുഴ നഗരസഭ എന്നും മുൻഗണന നൽകാറുണ്ട്. വൃദ്ധസദനത്തിന്റെ പ്രവർത്തനം കുറ്റമറ്റതാക്കുന്നതിനും പാലിയേറ്റീവ് കെയർ പ്രോഗ്രാം, വയോമിത്രം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, ആശ്രയ പദ്ധതി ഇവയ്ക്കെല്ലാം ആവശ്യമായ തുക ബജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. അതോടൊപ്പം നിർദ്ധനരായ കിഡ്നി രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിന് 7,00,000/- രൂപ വകയിരുത്തുന്നു.

തൊടുപുഴ നഗരത്തിൽ ശുദ്ധജലദാഹം ശമിപ്പിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ അമൃത് പദ്ധതിയിൽ തൊടുപുഴ നഗരവും ഉൾപ്പെട്ടത് നമുക്ക് സന്തോഷകരവും ആശ്വാസകരവുമാണ്. 9,08,00,000/- രൂപ ഇതിനായി ബജറ്റിന്റെ ഭാഗമാക്കുന്നു. നിലവിലുള്ള മിനി കുടിവെള്ള പദ്ധതികൾക്കും, ഉയർന്ന പ്രദേശങ്ങളിൽ യഥേഷ്ടം ജലമെത്തിക്കുന്നതിന് 'കിഫ്ബി' പദ്ധതിയിൽ നിർമ്മിച്ച പ്രാദേശിക സംഭരണ ടാങ്കുകളിൽ നിന്നും ജലം വീടുകളിൽ എത്തിക്കുന്നതിന് വിതരണ ലൈനുകൾ സ്ഥാപിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ എക്സ്റ്റൻഷനുമായി 1,25,00,000/- രൂപ വകയിരുത്തുന്നു.

നഗരസഭയിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ വിരൽത്തുമ്പിൽ ലഭ്യമാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ എല്ലാം പൂർത്തീകരിച്ചിട്ടുള്ളതാണ്. കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട ഒൻപത് നഗരസഭകളിൽ ഒന്ന് നമ്മുടെ നഗരസഭയാണെന്നതിൽ നമുക്ക് അഭിമാനിക്കാം. K.SMART എന്ന ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കായി 1,00,000/- രൂപ വകയിരുത്തുന്നു.

കലാ, കായിക, സാംസ്കാരിക മേഖലയിൽ ഉണർവ് നൽകുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും രണ്ടരലക്ഷം രൂപ നീക്കിവയ്ക്കുന്നു. മുനിസിപ്പൽ ബസ് സ്റ്റാൻഡ് കെട്ടിടത്തിന്റെ മുകൾ നിലയിൽ ഐ.എം.എ. റോഡിന് അഭിമുഖമായി മുനിസിപ്പൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നിന് ഒന്നര കോടി രൂപ ബഹു. എം.പി. അഡ്വ. ഡീൻ കുര്യാക്കോസ്, ബഹു. എം.എൽ.എ. ശ്രീ. പി.ജെ. ജോസഫ് എന്നിവരുടെ ആസ്തി വികസന ഫണ്ടിൽ നിന്നും പ്രതീക്ഷിച്ച് വകയിരുത്തുന്നു.

നഗരസഭയുടെ പ്രവർത്തനം കാര്യക്ഷമമായി നിറവേറ്റുന്നതിന് കാലഘട്ടത്തിന് അനുസൃതമായ രീതിയിൽ നഗരസഭാ കാര്യാലയവും നവീകരിക്കേണ്ടത് അനിവാര്യമാണ്. പട്ടണത്തിലെ പ്രാധാന നിരത്തിന്റെ ഓരത്ത് വിവിധോദ്ദേശത്തോടെ നിർമ്മിച്ച കാര്യാലയ വാണിജ്യ സമുച്ചയത്തിലാണ് ഇന്നും നഗരസഭ ഓഫീസ് പ്രവർത്തിക്കുന്നത്. നഗര ജനസംഖ്യയിലുണ്ടായ വർദ്ധനവും നാൾക്കുനാൾ കാര്യാലയത്തിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്നവരുടെ എണ്ണത്തിൽ ഉണ്ടായ വർദ്ധനവും എല്ലാം പരിഗണിക്കുമ്പോൾ യഥേഷ്ടം പാർക്കിംങ്ങിന് സൗകര്യമുള്ള, നഗരസഭയോടൊപ്പം അനുബന്ധസ്ഥാപനങ്ങളുടെ ഓഫീസുകളും പ്രവർത്തിക്കാൻ കഴിയുന്ന ആധുനിക ഓഫീസ് നിർമ്മിക്കേണ്ടത് അനുവാര്യമായി കരുതുന്നു. നഗരസഭയുടെ ഉടമസ്ഥതയിലുള്ള ലോറി, വാൻ സ്റ്റാൻഡ് ഉപയോഗപ്പെടുത്താവുന്നതാണ്. ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1 കോടി രൂപ വകയിരുത്തുന്നു. ഇത് സാദ്ധ്യമാകും വരെ നിലവിലെ ഓഫീസിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഫ്രണ്ട് ഓഫീസ് നവീകരിക്കാൻ 10 ലക്ഷം രൂപയും റെക്കോഡ് റൂം നിർമ്മിച്ച് ഉപയുക്തമാക്കാൻ 10 ലക്ഷം രൂപയും ലിഫ്റ്റ് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപയും നീക്കിവയ്ക്കുന്നു. പൗരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്താൻ പൗരാവകാശരേഖ പ്രസിദ്ധീകരിക്കുന്നതിന് 50,000 രൂപ വകയിരുത്തുന്നു.

കേന്ദ്ര, സംസ്ഥാന സർവ്വകലാശാലകളിലെ പൊതുപ്രവേശന പരീക്ഷകൾക്കുള്ള പരിശീലനം (NEET, CUET) വിദ്യാർത്ഥികൾക്കു നൽകുന്നതിനും രക്ഷാകർത്താക്കൾക്ക് ബോധവൽക്കരണം നൽകുന്നതിനും 1,00,000/- രൂപ വകയിരുത്തുന്നു.

കാർഷിക സംസ്കാരം നിലനിർത്തുന്നതിനും കൃഷിയും മൃഗസംരക്ഷണവും പ്രോത്സാഹിപ്പിക്കുന്നതിനും നഗരസഭ മുൻഗണന നൽകിവരുന്നു. മുതലക്കോടത്ത് കാർഷിക വിപണനകേന്ദ്രം തുടങ്ങുന്നതിന്റെ പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൃഷി, മൃഗസംരക്ഷണം അനുബന്ധ മേഖലകളിലെ വിവിധ പദ്ധതികൾക്കായി ജനറൽ വിഭാഗത്തിൽ 40,62,000/- രൂപയും പട്ടികജാതി - പട്ടികവർഗ്ഗ വിഭാഗത്തിലായി 5,42,000/- രൂപയും വകയിരുത്തുന്നു.

തൊടുപുഴ നഗരം ബൈപാസുകളുടെ നഗരമാണെങ്കിലും അനിയന്ത്രിതമായ പാർക്കിംഗ് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതിന് പരിഹാരമായി മൾട്ടിലെവൽ പാർക്കിംഗ് സിസ്റ്റം ഒരുക്കുന്നതിനായുള്ള പ്രാരംഭ നടപടികൾക്കായി 5,00,000 രൂപ വകയിരുത്തുന്നു. അതോടൊപ്പം പ്രധാന ജംഗ്ഷനുകൾക്ക് അനുബന്ധമായി PPP വ്യവസ്ഥയിൽ പ്രാദേശിക പാർക്കിംഗ് സംവിധാനങ്ങൾ ഒരുക്കാനും ബജറ്റ് നിർദ്ദേശിക്കുന്നു.

കുടുംബശ്രീ അംഗങ്ങൾക്ക് നഗരസഭയിലെ വായനശാലകളുമായി ചേർന്നുകൊണ്ട് സമ്പൂർണ്ണ ഇ-സാക്ഷരതാ നൽകുന്നതിന് 2,00,000/- രൂപ വകയിരുത്തുന്നു. വനിതകൾക്ക് ഓപ്പൺ ജിം സ്ഥാപിക്കുന്നതിന് 6,00,000/- രൂപ വകയിരുത്തുന്നു.

അങ്കണവാടി പോഷകാഹാരം, വർക്കർ, ഹെൽപ്പർ ഓണറേറിയം ഇവയ്ക്കെല്ലാം തുക വകയിരുത്തുന്നതോടൊപ്പം പുതിയ അങ്കണവാടികൾക്ക് സ്ഥലം വാങ്ങിക്കുന്നതിന് 4,00,000 രൂപയും കെട്ടിടം നിർമ്മിക്കുന്നതിന് 5,00,000 രൂപയും വകയിരുത്തുന്നു.

സേവന മേഖലയോടൊപ്പം നഗരസഭയ്ക്ക് വരുമാനദായക പദ്ധതികളും അനിവാര്യമാണ്. വെങ്ങല്ലൂരിൽ നഗരസഭ വക സ്ഥലത്ത് മിനി ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 1 കോടി രൂപയും പഴയ ബസ് സ്റ്റാൻഡിന് സമീപമുള്ള ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് 1 കോടി രൂപയും വകയിരുത്തുന്നു. മങ്ങാട്ടുകവല ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് ബജറ്റ് വർഷം പൂർണ്ണമായി പ്രവർത്തന ക്ഷമമാക്കുന്നതിനുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജില്ലയിലെ തന്നെ പ്രധാന വിനോദകേന്ദ്രമായ മുനിസിപ്പൽ പാർക്ക് കൂടുതൽ മോടിപിടിപ്പിക്കുന്നതോടൊപ്പം നിർമ്മാണത്തിലിരിക്കുന്ന ആംഫി തിയേറ്ററിന്റെ പ്രവർത്തനവും ബജറ്റ് വർഷത്തിന്റെ ആദ്യപാദത്തിൽ തന്നെ ആരംഭിക്കുവാൻ കഴിയും. ഉറവപ്പാറ പിൽഗ്രിം സെന്ററും, കൊന്നയ്ക്കാമല സായാഹ്ന വിശ്രമകേന്ദ്രവും, വെങ്ങല്ലൂർ, നടുക്കണ്ടം മിനി പാർക്കുകളും പ്രവർത്തന ക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.

തൊടുപുഴയാറും മറ്റ് ജലസ്രോതസ്സുകളും സംരക്ഷിക്കുന്നതിനും മാലിന്യം ശാസ്ത്രീയമായി കൈകാര്യം ചെയ്യുന്നതിനും ഡമ്പിംഗ് യാർഡിലെ മാലിന്യകൂമ്പാരത്തിൽ നിന്നും പാറക്കടവ് നിവാസികൾക്ക് മോചനം നൽകുന്നതിനും ഉള്ള പ്രവർത്തനപരിപാടികൾക്ക് ബജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. വിസ്താര ഭയത്താൽ ഈ ആമുഖ പ്രസംഗത്തിൽ എല്ലാ കാര്യവും അക്കമിട്ട് നിരത്തുന്നില്ല. താരതമ്യേന നയപരമായി പ്രാധാന്യമുള്ളവ മാത്രമാണ് ഇതിൽ പ്രതിപാദിക്കുന്നത്. നഗരസൗന്ദര്യവൽക്കരണവും നടപ്പാതകൾ കൈവരി പിടിപ്പിച്ച് സുരക്ഷിതവും മനോഹരവുമാക്കുന്നതിനും ബഹുജന പങ്കാളിത്തത്തോടെ പ്രാവർത്തികമാക്കാനാണ് ലക്ഷ്യമിടുന്നത്.

സമൂഹത്തിൽ പരിരക്ഷ, കൂടുതൽ ആവശ്യമുള്ള പട്ടികജാതി, പട്ടികവർഗ്ഗ ന്യൂനപക്ഷ വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ തുടങ്ങിയവർക്കെല്ലാമുള്ള സംസ്ഥാന, കേന്ദ്ര സർക്കാരുകളുടെ പദ്ധതികളുടെ പ്രയോജനം ബന്ധപ്പെട്ടവരിലെത്തിക്കാൻ കൗൺസിൽ നിതാന്തജാഗ്രത പുലർത്തുന്നുണ്ട്.

ജനകീയ കൗൺസിലിന്റെ ജനപക്ഷ ബജറ്റ് തയ്യാറാക്കുന്നതിന് സഹകരിച്ച എല്ലാവരോടും എനിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി അംഗങ്ങൾ, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻമാർ, വകുപ്പ് മേധാവികൾ, അക്കൗണ്ടന്റ്, പ്ലാനിംഗ് കമ്മറ്റി അംഗങ്ങൾ, സർവ്വോപരി ജനക്ഷേമ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന ബഹു. ചെയർമാൻ ശ്രീ. സനീഷ് ജോർജ് എന്നിവരോടുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. നഗരസഭയുടെ സർവ്വതോന്മുഖമായ വികസനത്തിന് ധനസഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകളെയും നഗരസഭയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പിന്തുണ നൽകുന്ന ബഹു. എം.പി. അഡ്വ. ഡീൻ കുര്യാക്കോസ്, ബഹു. എം.എൽ.എ. ശ്രീ. പി.ജെ. ജോസഫ് എന്നിവരോടുമുള്ള നിസീമമായ കടപ്പാട് അറിയിക്കുന്നു. നഗരസഭ കൗൺസിൽ കൈക്കൊള്ളുന്ന തീരുമാനങ്ങൾ ജനങ്ങളിലെത്തിക്കുന്നതിന് സേവന തത്പരരായ മുഴുവൻ ജീവനക്കാരേയും ഈ അവസരത്തിൽ സ്മരിക്കുന്നു. സമൂഹത്തിന്റെ നാനാതുറകളിലുള്ളവർ നൽകിവരുന്ന സഹകരണത്തിനും പ്രായോഗിക നിർദ്ദേശങ്ങൾക്കും നന്ദി അറിയിച്ചുകൊണ്ട് 2023-24 വർഷ ബജറ്റ് നിർദ്ദേശങ്ങൾ ബഹു. കൗൺസിലിന്റെ അംഗീകാരത്തിനായി ഞാൻ സമർപ്പിക്കുന്നു.

തൊടുപുഴ

22.03.2023

**ജെസ്സി ജോണി**

വൈസ് ചെയർപേഴ്സൺ

# ബജറ്റ് ഒറ്റനോട്ടത്തിൽ

## 2022 - 2023 ലെ പുതുക്കിയ ബഡ്ജറ്റ്

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 10,86,02,355 |
| വരവ് | 44,91,40,284 |
| ആകെ വരവ് | 55,77,42,639 |
| ആകെ ചെലവ് | 52,89,47,790 |
| നീക്കിയിരിപ്പ് | 2,87,94,849 |

## 2023 - 2024 ലെ ബഡ്ജറ്റ് എസ്റ്റിമേറ്റ്

| | |
|---|---|
| വർഷാരംഭത്തിലെ മുന്നിരിപ്പ് | 2,87,94,849 |
| വരവ് | 61,51,89,550 |
| ആകെ വരവ് | 64,39,84,399 |
| ആകെ ചെലവ് | 63,61,31,299 |
| നീക്കിയിരിപ്പ് | 78,53,100 |

# ധനസൂചകങ്ങൾ

| | Opening Balance | 2,87,94,849 |
|---|---|---|
| 1 | Taxes | 9,50,00,000 |
| 2 | Non-Tax | 2,70,33,550 |
| 3 | General Purpose Fund | 3,15,18,000 |
| 4 | Plan-Genral | 4,12,91,000 |
| 5 | SCP | 84,28,000 |
| 6 | TSP | 7,82,000 |
| 7 | Central Finance Commission Grant | 3,75,03,000 |
| 8 | Maintanance Grant-Roads | 1,93,29,000 |
| 9 | Maintanance Grant-Non-Roads | 1,01,12,000 |
| 10 | AUEGS | 9,26,30,000 |
| 11 | NULM | 15,00,000 |
| 12 | SNP - Anganvady Building - Central Share | 20,00,000 |
| 13 | Swatch Bharat & Suchitwa Mission | 58,50,000 |
| 14 | Health Grant | 1,50,00,000 |
| 15 | Beneficiary Contribution | 35,00,000 |
| 16 | MP/MLA Fund | 2,34,17,000 |
| 17 | B-Fund | 6,79,81,000 |
| 18 | Library Grant | 15,000 |
| 19 | Loan PMAY - Life | 1,00,00,000 |
| 20 | Loan - Shopping Complex | 3,10,00,000 |
| 21 | Amruth Project - Centrally Sponsered | 9,08,00,000 |
| 22 | Flood | 5,00,000 |
| | **Grant Total** | **64,39,84,399** |

## 2023-24 ബഡ്ജറ്റ് - ചില പ്രധാന വകയിരുത്തലുകൾ

| | | |
|---|---|---|
| 1. | അംഗീകൃത കോളനികളുടെ നവീകരണം | 40 ലക്ഷം |
| 2. | അമൃത് സമ്പൂർണ്ണ കുടിവെള്ള പദ്ധതി | 9.80 കോടി |
| 3. | സമഗ്ര മാലിന്യ സംസ്കരണം | 1.55 കോടി |
| 4. | മുനിസിപ്പൽ പാർക്ക് നവീകരണം | 10 ലക്ഷം |
| 5. | അംബേദ്കർ പട്ടികജാതി കോളനിയിൽ ലൈബ്രറി കെട്ടിട നിർമ്മാണം | 10.8 ലക്ഷം |
| 6. | ഡയാലിസിസിന് ധനസഹായം | 7 ലക്ഷം |
| 7. | കുടിവെള്ള പദ്ധതികളുടെ നിർമ്മാണം, മെയിന്റനൻസ്, ലൈൻ എക്സ്റ്റൻഷൻ | 1.25 കോടി |
| 8. | തെരുവ് വിളക്കുകളുടെ പരിപാലനം | 30 ലക്ഷം |
| 9. | ദുരന്ത നിവാരണം - ഷെൽട്ടർ ഹോംസ് (സ്കൂളുകളിൽ), സൈറൺ | 11 ലക്ഷം |
| 10. | അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിട നിർമ്മാണം | 9 ലക്ഷം |
| 11. | വനിതകൾക്ക് ഓപ്പൺ ജിം | 6 ലക്ഷം |
| 12. | വയോജനക്ഷേമം, പാലിയേറ്റീവ് കെയർ | 10 ലക്ഷം |
| 13. | മുനിസിപ്പൽ ഓഫീസിൽ ലിഫ്റ്റ് | 20 ലക്ഷം |
| 14. | പി.എം.എ.വൈ - ലൈഫ് സമ്പൂർണ്ണ ഭവനം | 1 കോടി |
| 15. | വനിതാ വ്യവസായ കേന്ദ്രത്തിന് സ്ഥലം വാങ്ങൽ | 11 ലക്ഷം |
| 16. | ആധുനിക ഫ്രണ്ട് ഓഫീസ് നിർമ്മാണം | 10 ലക്ഷം |
| 17. | റെക്കോർഡ് റൂം നിർമ്മാണം | 10 ലക്ഷം |
| 18. | അങ്കണവാടി പോഷകാഹാരം | 70 ലക്ഷം |
| 19. | മുനിസിപ്പൽ ലൈബ്രറി കെട്ടിട നിർമ്മാണം | 1.5 കോടി |
| 20. | ലോറി, വാൻ സ്റ്റാൻഡ് മുനിസിപ്പൽ ഓഫീസ് കം ഷോപ്പിംഗ് കോംപ്ലക്സ് | 1 കോടി |
| 21. | പട്ടികവർഗ്ഗ ക്ഷേമം | 7.82 ലക്ഷം |
| 22. | ദിവ്യാംഗജർക്ക് സ്കോളർഷിപ്പ്, ബത്ത | 32 ലക്ഷം |
| 23. | പാടശേഖര സമിതി - സംഭരണ, സംസ്കരണ, വിതരണ കേന്ദ്രം | 6 ലക്ഷം |
| 24. | പി.എച്ച്.സി. കൾ സി.എച്ച്.സി. കളായി ഉയർത്തൽ | 1.50 കോടി |
| 25. | വെങ്ങല്ലൂർ മുനിസിപ്പൽ വക സ്ഥലത്ത് ഷോപ്പിംഗ് കോംപ്ലക്സ് | 1 കോടി |
| 26. | മങ്ങാട്ടുകവല ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം | 20 ലക്ഷം |
| 27. | പഴയ ബസ് സ്റ്റാൻഡിന് എതിർവശം ഷോപ്പിംഗ് കോംപ്ലക്സ് | 1 കോടി |

## 2023-24 തനതു ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രോജക്ടുകൾ

| | | |
|---|---|---|
| 1. | അംഗീകൃത കോളനികളുടെ നവീകരണം | 40,00,000 |
| 2. | വാർഡ്തല വികസന പ്രവർത്തനങ്ങൾക്ക് | 1,05,00,000 |
| 3. | അമൃത് കുടിവെള്ള പദ്ധതിക്ക് നഗരസഭാ വിഹിതം | 10,00,000 |
| 4. | മുനിസിപ്പൽ ഓഫീസിൽ ലിഫ്റ്റ് | 20,00,000 |
| 5. | മങ്ങാട്ടുകവല ഷോപ്പിംഗ് കോംപ്ലക്സ് പൂർത്തീകരണം | 10,00,000 |
| 6. | ISO സർട്ടിഫിക്കേഷൻ | 5,00,000 |
| 7. | മാലിന്യ നിക്ഷേപം കണ്ടെത്തുന്നതിന് CCTV | 5,00,000 |
| 8. | ഓഫീസ് മെയിന്റനൻസ് | 2,00,000 |
| 9. | കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും AMC | 2,00,000 |
| 10. | K-SMART പദ്ധതി | 1,00,000 |
| 11. | മൾട്ടിലെവൽ പാർക്കിംഗ് സിസ്റ്റം | 5,00,000 |
| 12. | പൊതു പ്രവേശന പരീക്ഷകൾക്കുള്ള പരിശീലനവും ബോധവത്കരണവും | 1,00,000 |
| 13. | കുടുംബശ്രീ അംഗങ്ങൾക്കുള്ള ഇ സാക്ഷരതാ പ്രവർത്തനങ്ങൾ | 2,00,000 |
| 14. | നടുക്കണ്ടം, വെങ്ങല്ലൂർ എന്നിവിടങ്ങളിലെ കുട്ടികളുടെ പാർക്ക് | 2,00,000 |
| | **ആകെ** | **2,10,00,000** |

## 2023–24 ബജറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന സ്പിൽ ഓവർ വർക്കുകൾ

| | | | |
|---|---|---|---|
| 1. | 130/23 | മുനിസിപ്പൽ പാർക്കിൽ വാട്ടർ സ്ലൈഡിംഗ് സംവിധാനം ഏർപ്പെടുത്തൽ | 10,00,000 |
| 2. | 276/23 | മങ്ങാട്ടുകവല ബസ് സ്റ്റാൻഡ് ഷോപ്പിങ് കോംപ്ലക്സ് അനുബന്ധ സൗകര്യമൊരുക്കൽ | 12,00,000 |
| 3. | 315/23 | മാലിന്യം നിക്ഷേപിക്കുന്നത് കണ്ടെത്തുന്നതിന് സ്ഥാപിച്ചിട്ടുള്ള CCTV ക്യാമറകളുടെ അറ്റകുറ്റപ്പണി | 7,00,000 |
| 4. | 47/23 | ബാച്ചിലർ ക്വാർട്ടേഴ്സ് അറ്റകുറ്റപണികൾ ദൂരദർശൻ കേന്ദ്രം | 6,00,000 |
| 5. | 342/23 | മുൻസിപ്പൽ പാർക്ക് അറ്റകുറ്റപണികൾ | 8,00,000 |
| 6. | 297/23 | സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ വാർഡ് 8, 9, 11, 14, 26, 34, 35, 1, 2, 7, 25, 5, 3, 21 | 7,40,000 |
| 7. | 308/23 | വാർഡ് 30 ലെ അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | 3,23,730 |
| 8. | 313/23 | Virtual classroom ലേക്ക് ഫർണീച്ചറും, അനുബന്ധ ഉപകരണങ്ങൾ വാങ്ങലും | 3,00,000 |
| 9. | | തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ | 10,00,000 |
| 10. | 343/23 | വാർഡ് 13 ലെ അണ്ണായിക്കണ്ണം പാറമുകൾ റോഡിന് കൈവരി പിടിപ്പിക്കൽ | 50,000 |
| 11. | 351/23 | വാർഡ് 18 ലെ വനിത തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം | 99,423 |
| 12. | 362/23 | വാർഡ് 15 ലെ MES റോഡ് പുനരുദ്ധാരണം | 6,327 |
| 13. | 371/23 | മേഴ്സി ലൈൻ പാലത്തിന് വീതി കൂട്ടി കൈവരി പിടിപ്പിക്കൽ | 2,60,000 |
| 14. | 374/23 | കാഞ്ഞിരമറ്റം സ്കൂളിൽ ഗേൾസ് ഫ്രണ്ട്ലി ടോയിലറ്റ് നിർമ്മാണവും അനുബന്ധ ജോലികളും | 6,27,139 |
| 15. | 395/23 | വാർഡ് 23 ലെ പോക്കുളത്ത് റോഡിന്റെ പുനരുദ്ധാരണം | 50,000 |
| 16. | 40/23 | മങ്ങാട്ടുകവല ഷോപ്പിംഗ് കോംപ്ലക്സ് (Proj. 40/23) | 1,00,000 |
| 17. | 386/23 | മങ്ങാട്ടുകവല ഷോപ്പിംഗ് കോംപ്ലക്സ് ബാലൻസ് (Proj. 386/23) | 90,00,000 |
| 18. | 414/23 | മങ്ങാട്ടുകവല ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് അനുബന്ധ വേലകൾ (Proj. 414/23) | 18,00,000 |
| | | **ആകെ** | **1,86,56,619** |